**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1774** **04-02-2026-ൽ മറുപടിയ്ക്ക്**

**<u>വൈപ്പിൻ ഗവ. ആർട്ട്സ് ആന്റ് സയൻസ് കോളേജിന്റെ ഉന്നമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോജി എം. ജോൺ

(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** വൈപ്പിൻ ഗവ. ആർട്ട്സ് ആന്റ് സയൻസ് കോളേജിന്റെ ഉന്നമനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വൈപ്പിൻ ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിന്റെ ഉന്നമനത്തിനായി കൂടുതൽ സ്ഥലം (2.32 ഏക്കർ) വാങ്ങുന്നതിനായി 9,31,22,800/- (ഒൻപത് കോടി മുപ്പത്തിയൊന്ന് ലക്ഷത്തി ഇരുപത്തി രണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കോളേജിന് പുതിയ അഡ്മിനിസ്ട്രേറ്റീവ് അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി ബഹു. വൈപ്പിൻ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ മുന്നോടിയായി പൊതുമരാമത്ത് വകുപ്പ് മണ്ണ് പരിശോധന നടത്തിയിട്ടുണ്ട്.

**(ബി)** കോളേജിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് തുക അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ?

**<u>മറുപടി:</u>** കോളേജിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ബഹു. എറണാകുളം ജില്ലാ കളക്ടർ സ്പെഷ്യൽ തഹസിൽദാർ PWD അങ്കമാലിയെ സ്ഥലം ഏറ്റെടുപ്പ് ഓഫീസർ ആയി നിയമിക്കുകയും, ടി ഓഫീസർ സ്ഥലം സന്ദർശിക്കുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**